സബ്മിഷൻ

മി.സ്പീക്കർ: ഓർഡർ.... ഓർഡർ സമയകൃത്യത പാലിക്കണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങളോട് ഒരിക്കൽക്കൂടി ചെയർ അഭ്യർഥിക്കുകയാണ്. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് അങ്ങുതന്നെ മാതൃക കാണിച്ച് സംസാരിച്ചു തുടങ്ങണം.

കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): കിഫ്ബി പദ്ധതിയിലൂടെ നടപ്പാക്കാനുദ്ദേശിച്ച കാഞ്ഞിരപ്പള്ളി ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കൃത്യസമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ കരാറുകാരനെ ഒഴിവാക്കി റീ ടെൻഡർ നടപടികളിലേയ്ക്ക് നീങ്ങിയിട്ടുണ്ട്. റീ ടെൻഡർ പ്രകാരം നടപടി പൂർത്തീകരിച്ച് പ്രധാനപ്പെട്ട ഘട്ടത്തിലേയ്ക്ക് എത്തിയിട്ടുണ്ടെങ്കിലും പ്രവൃത്തിയുടെ ടെക്നിക്കൽ സാങ്ഷനുവേണ്ടിയുള്ള ടി.എസ്. കമ്മിറ്റി ഇതുവരെയും കൂടിയിട്ടില്ല. അടിയന്തരമായി കമ്മിറ്റി കൂടുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് വരുന്നതിനാൽ രണ്ടുമാസം പെരുമാറ്റച്ചട്ടമുണ്ടാകുകയും ആ സമയത്ത് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിയാതെ വരികയും ചെയ്യും. അതുകൊണ്ട്

നിലവിലെ റീ ടെൻഡർ നടപടികൾ ത്വരിതപ്പെടുത്തി കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണം പുനരാരംഭിക്കേണ്ടതുണ്ട്. പലപ്പോഴും കാഞ്ഞിരപ്പള്ളി ടൗണിൽ മണിക്കൂറുകളോളം നീണ്ടുനിൽക്കുന്ന ബ്ലോക്കുകൾ ഉണ്ടാകുന്നത് കിഴക്കൻ മേഖലകളിലെ യാത്രക്കാരെ സംബന്ധിച്ചിടത്തോളം ഏറെ ബുദ്ധിമുട്ടിലാഴ്ത്തുന്നു. ഇക്കാര്യത്തിൽ അങ്ങ് കിഫ്ബിയുമായി ബന്ധപ്പെട്ട് അടിയന്തരമായി ടി.എസ്. കമ്മിറ്റി കൂടണമെന്ന് അഭ്യർത്ഥിക്കുന്നു. കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണത്തിന് പ്രതീക്ഷിക്കുന്നതിനേക്കാൾ തുക വേണ്ടിവരുന്നതാണ്. അത് അനുവദിക്കുന്നതിനുള്ള നടപടികൾകൂടി സ്വീകരിക്കണമെന്നും കൂടാതെ കാഞ്ഞിരപ്പള്ളി ബൈപ്പാസ് യാഥാർത്ഥ്യമാക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അനുകൂലമായ തീരുമാനമെടുത്ത് എത്രയും വേഗം നിർമ്മാണപ്രവർത്തനങ്ങൾ പുനരാരംഭിക്കണമെന്നതുമാണ് എന്റെ സബ്മിഷൻ.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കാഞ്ഞിരപ്പള്ളി ബൈപ്പാസ് കിഫ്ബി മുഖാന്തരം നടപ്പാക്കുന്നതിനായി തത്വത്തിൽ ഇരുപത് കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് കിഫ്ബി

78.69 കോടി രൂപയുടെ ധനാനുമതി നൽകിയതിനെത്തുടർന്ന് ബൈപ്പാസ് പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ 29-08-2018-ന് ആരംഭിക്കുകയും 91 വിജ്ഞാപനം 06-05-2021-ന് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നഷ്ടപരിഹാരമായി കിഫ്ബിയിൽനിന്നും 26.46 കോടി രൂപ അനുവദിച്ച് നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 17-03-2023-ന് പദ്ധതികൾ ടെൻഡർ ചെയ്ത് 10-08-2023-ന് പദ്ധതി ആരംഭിക്കാൻ കരാറുകാരന് നിർദേശം നൽകുകയും ചെയ്തു. 18 മാസമായിരുന്നു ബൈപ്പാസിന്റെ നിർമ്മാണ കാലാവധി. നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി പാറപ്പൊട്ടിക്കൽ, മണ്ണ് നീക്കം ചെയ്യൽ, കലുങ്ക് നിർമ്മാണം എന്നിവ ഭാഗികമായി പൂർത്തിയാക്കിയെങ്കിലും പ്രവൃത്തിയിൽ വേണ്ടത്ര വേഗത കൈവരിക്കാൻ കരാറുകാരന് കഴിഞ്ഞില്ല. തുടർന്ന് കാലാവധി നീട്ടി പദ്ധതി നടപ്പാക്കുന്നതിന് പലതവണ നിർദേശം നൽകിയെങ്കിലും പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാത്തതിനാൽ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽനിന്നും ഒഴിവാക്കാൻ 27-05-2025-ന് കൂടിയ കിഫ്ബി യോഗത്തിൽ തീരുമാനിച്ചു. തുടർന്ന് കരാറുകാരനെ ഒഴിവാക്കി ആർ.ബി.ഡി.സി.കെ. (Roads and Bridges Development Corporation of Kerala)-യിൽനിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ബാക്കി

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടി.എസ്. കമ്മിറ്റിയിൽ സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അത് എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് പദ്ധതി റീ ടെൻഡർ ചെയ്യാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

സ്വർണ്ണപ്പണയ സ്ഥാപനങ്ങളിൽ മുക്കുപണ്ടം പണയം വയ്ക്കുന്നവർക്കുള്ള ശിക്ഷ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരളത്തിൽ ആയിരക്കണക്കിന് വ്യക്തികൾക്ക് തൊഴിൽ നൽകുന്നതും ജനങ്ങളുടെ സാമ്പത്തികാവശ്യം ഏറ്റവും വേഗത്തിൽ പരിഹരിച്ചു നൽകുന്നതുമായ സ്വർണ്ണപ്പണയ വായ്പാ സ്ഥാപനങ്ങളിൽ വ്യാപകമായി മുക്കുപണ്ടം പണയം വയ്ക്കുന്ന പ്രവണത കണ്ടുവരികയാണ്. ഇത്തരത്തിലുള്ള നൂറ് കണക്കിന് കേസുകൾ വരുന്നതുമൂലം ഈ മേഖല കടുത്ത പ്രതിസന്ധി നേരിടുകയാണ്. ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്ക് മതിയായ ശിക്ഷ ലഭിക്കാത്തതുമൂലം ഇതേ കുറ്റം ആവർത്തിക്കപ്പെടുകയാണ്. 1958-ലെ കേരള മണി ലെൻഡേഴ്സ് ആക്റ്റിലെ 18 (ബി) വകുപ്പ് ഭേദഗതി ചെയ്ത് കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർക്ക് കടുത്ത ശിക്ഷ ലഭിക്കുന്നതിനുള്ള നടപടിയുണ്ടാകണം. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയും സംസ്ഥാന

സമ്മേളനത്തിൽ പങ്കെടുത്തപ്പോൾ ഇക്കാര്യങ്ങളെല്ലാം ഉന്നയിച്ചിരുന്നു. ഇത്തരം സ്ഥാപനങ്ങളിൽ അപ്രൈയ്സർ ഉണ്ടെങ്കിലും പണയമായി ലഭിക്കുന്ന ഒരു വള കട്ട് ചെയ്ത് പരിശോധിക്കാനുള്ള അധികാരമൊന്നും അവർക്കില്ല. ശിക്ഷ കുറവായതിനാലാണ് കേരളത്തിൽ വ്യാപകമായി ഇത്തരം ക്രമക്കേടുകൾ കണ്ടുവരുന്നത്. അതിനാൽ 1958-ലെ കേരളാ മണി-ലെൻഡേഴ്സ് ആക്റ്റിലെ 18(ബി) വകുപ്പ് ഭേദഗതി ചെയ്യുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ. ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. മുക്കുപണ്ടം പണയം വച്ച് പണം തട്ടിയെടുക്കുന്ന കേസുകളിൽ 1958-ലെ കേരള മണി-ലെൻഡേഴ്സ് ആക്റ്റ് 18(ബി) വകുപ്പ് ഭേദഗതി ചെയ്ത് ഇത്തരക്കാർക്ക് കടുത്ത ശിക്ഷ നൽകേണ്ടതിന്റെ ആവശ്യകതയാണ് അദ്ദേഹം സബ്മിഷനിലൂടെ മുന്നോട്ടുവച്ചിട്ടുള്ളത്. കേരള നിയമസഭ പാസ്സാക്കിയ 1958-ലെ കേരള മണി-ലെൻഡേഴ്സ് ആക്റ്റനുസരിച്ചാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേരള മണി-ലെൻഡിങ് ബിസിനസ് സ്ഥാപനങ്ങളെ നിയന്ത്രിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്നത്.

ഈ നിയമത്തിലെ വ്യവസ്ഥകൾ തെറ്റിക്കുന്നവരിൽനിന്നും പിഴ ഈടാക്കാവുന്നതാണ്. പണയ വ്യാപാരത്തിന്റെ ഉറവിടം, സംശയകരമായി ജാമ്യവ്യവസ്ഥ നൽകുക, തെറ്റായ വിവരങ്ങൾ നൽകുക, അവകാശമില്ലാത്ത ഇടപാടുകൾ നടത്തുക തുടങ്ങിയ തെറ്റുകൾ ചെയ്യുന്നവരെ തടയുന്നതിനും ശിക്ഷിക്കുന്നതിനും പ്രസ്തുത നിയമത്തിന്റെ സെക്ഷൻ 18(ബി)-ൽ വ്യവസ്ഥയുണ്ട്. വ്യാജസ്വർണ്ണം/ മുക്കുപണ്ടം പണയം വച്ച് തട്ടിപ്പ് നടത്തുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിൽ ഭാരതീയ ന്യായ സംഹിതയിലെ 318(എ) വകുപ്പുപ്രകാരം (IPC 420) കേസ് രജിസ്റ്റർ ചെയ്ത് പോലീസ് അന്വേഷിക്കുന്നുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ മുക്കുപണ്ടം പണയം വച്ചതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ 861 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽപ്പടി വകുപ്പുപ്രകാരമുള്ള കുറ്റകൃത്യങ്ങൾക്ക് പോലീസിന് നേരിട്ട് കേസെടുക്കാവുന്നതും പ്രതികൾക്ക് ജാമ്യം ലഭിക്കാത്തതുമാണ്. ഇത്തരം കേസുകൾക്ക് ഏഴുവർഷംവരെ തടവും പിഴയും ലഭിക്കാം. മുക്കുപണ്ടം പണയം വച്ച് തട്ടിപ്പ് നടത്തുന്ന കേസുകളിൽ കുറ്റവാളികൾക്ക് 1958-ലെ കേരള മണി-ലെൻഡേഴ്സ് ആക്റ്റ് 18(ബി) പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ താരതമ്യേന കുറഞ്ഞ ശിക്ഷ ലഭിക്കുന്ന സാഹചര്യമാണ്

നിലവിലുള്ളത്. 1958-ലെ കേരള മണി-ലെൻഡേഴ്സ് ആക്റ്റ് 18(ബി) വകുപ്പ് ഭേദഗതി വരുത്തുന്നത് കുറ്റവാളികളുടെ ശിക്ഷാനടപടികൾ വർധിപ്പിക്കുന്നതിന് സഹായകരമാകുമെന്നാണ് സർക്കാർ കരുതുന്നത്. അത്തരം തട്ടിപ്പുകൾമൂലം സ്ഥാപനത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം തട്ടിപ്പുകാരിൽനിന്നും തിരിച്ചുപിടിക്കാൻ നിയമത്തിൽ വ്യവസ്ഥപ്പെടുത്തേണ്ടതുണ്ട്. തട്ടിപ്പ് നടത്തുന്നവരുടെ സ്ഥാവര ജംഗമ വസ്തുക്കളടക്കം കണ്ടുകെട്ടി കടം തിരിച്ചുപിടിക്കുന്നതടക്കമുള്ള വ്യവസ്ഥകൾ 18(ബി) വകുപ്പിൽ കൊണ്ടുവരണമെന്നതുൾപ്പെടെയുള്ള നിർദേശങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ഗാല പദ്ധതി

ശ്രീ. പി. മമ്മിക്കുട്ടി: സർ, ചെറുകിട വ്യവസായങ്ങളുടെ പ്രത്യേകിച്ച് മെറ്റൽ ഇൻഡസ്ട്രീസിന്റെ കേന്ദ്രമായ ഷൊർണ്ണൂരിൽ വ്യവസായ വകുപ്പിന്റെ കീഴിൽ ഒരു ബഹുനില സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി 25-08-2017-ന് തറക്കല്ലിടൽ കർമ്മം നടന്നെങ്കിലും തുടർന്നങ്ങോട്ട് അതിന്റെ പ്രവർത്തനങ്ങൾ നടക്കുകയോ പദ്ധതി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. ഒരു ഏക്കർ മുപ്പത്തിരണ്ട് സെന്റ് സ്ഥലത്താണ് നാല്

ഫ്ലോറുകളിലായി 39 യൂണിറ്റുകൾക്ക് പ്രവർത്തിക്കാനാവശ്യമായ ബഹുനില സമുച്ചയം നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും ലക്ഷ്യം പൂർത്തീകരിക്കാനുമാവശ്യമായ നടപടി സ്വീകരിക്കുമോയെന്നതാണ് എന്റെ സബ്മിഷൻ.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട ഷൊർണ്ണൂർ എം.എൽ.എ. ഉന്നയിച്ച പ്രശ്നം വളരെയധികം ഗൗരവമുള്ളതാണ്. യഥാർത്ഥത്തിൽ 2013-ലാണ് ഇത്തരമൊരു പദ്ധതിക്ക് അംഗീകാരം നൽകിയത്. അതിനുവേണ്ടി 21,48,55,901 രൂപ അടങ്കലായി നിശ്ചയിച്ച് മൂന്ന് കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. തുടർന്ന് സ്ഥലം കണ്ടെത്തി 2017-ൽ നിർമ്മാണച്ചുമതല HLL Lifecare Limited-നെ ഏല്പിച്ചുവെങ്കിലും തുടർനടപടികളൊന്നുമുണ്ടായില്ല. ഈ സർക്കാർ അധികാരത്തിൽ വന്ന് 2023-ൽ പ്രസ്തുത പദ്ധതിക്ക് 36.71 കോടി രൂപയുടെ പുതിയ ഭരണാനുമതി നൽകി. കൃത്യസമയത്ത് പ്രവൃത്തി നിർവഹിക്കാത്തതിനാൽ HLL Lifecare Limited-നെ ചുമതലയിൽനിന്നും മാറ്റുകയും പകരം കിറ്റ്കോ (Kerala Industrial and Technical Consultancy Organisation)-യെ നിയോഗിച്ച് വർക്ക് ഓർഡർ

നൽകിയിട്ടുണ്ട്. അതിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടി ആരംഭിച്ചിരിക്കുകയാണ്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

എടരിക്കോട് സ്പിന്നിംഗ് മില്ലിൽനിന്നും വിരമിച്ച ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ

ശ്രീ. കെ. പി. എ. മജീദ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ എടരിക്കോട് സ്പിന്നിങ് മിൽ 1986-ൽ ആരംഭിച്ചതാണ്. 1996-ൽ 25000-ലധികം സ്പിൻഡിലോടുകൂടി അത് ഉയർത്തി. അതിനുശേഷം എല്ലാ സർക്കാരുകളും ആവശ്യമായ പ്രവർത്തന മൂലധനം നൽകി സഹായിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ 2016 സെപ്റ്റംബർ മുതൽ 2017 വരെ മിൽ അടച്ചുപൂട്ടി. പിന്നീട് 2023 ആഗസ്റ്റ് മുതൽ 2024 ഫെബ്രുവരി വരെയും തുടർന്ന് 2024 ഡിസംബർ മുതൽ 2025 സെപ്റ്റംബർ വരെയും അടച്ചുപൂട്ടി. ഈ കാലയളവിൽ ഒരു കോടി രൂപയിലേറെ തുക ഗ്രാറ്റുവിറ്റി, പി.എഫ്. കുടിശ്ശിക തീർക്കാൻ വേണ്ടി സർക്കാർ അനുവദിച്ചിരുന്നു. എന്നാൽ പി.എഫ്., ഗ്രാറ്റുവിറ്റി, തൊഴിലാളികളുടെ ശമ്പള കുടിശ്ശിക, ഇ.എസ്.ഐ. ആനുകൂല്യങ്ങൾ തുടങ്ങിയവയിൽ ഏകദേശം 12 കോടി രൂപയോളം കുടിശ്ശികയാണ്. പി.എഫ്. അടയ്ക്കാത്തതിനാൽ തൊഴിലാളി സംഘടനകൾ പി.എഫ്. അധികൃതരുടെ മുമ്പാകെ പരാതി

നൽകുകയും അതിന്റെ ഫലമായി ലേലനടപടിയിലേയ്ക്ക് കടന്നെങ്കിലും സർക്കാരിന്റെ നിർദേശമനുസരിച്ച് മാനേജ്മെന്റ് ഈ വിഷയം സംബന്ധിച്ച് ഹൈക്കോടതിയിൽനിന്നും സ്റ്റേ വാങ്ങിയിരിക്കുകയാണ്. ഗ്രാറ്റുവിറ്റി നൽകാത്തതിനാൽ തൊഴിലാളികൾ കോടതിയെ സമീപിക്കുകയും 12 ഗഡുക്കളായി ഗ്രാറ്റുവിറ്റി നൽകണമെന്ന് കോടതി ഉത്തരവിടുകയും ആയത് മാനേജ്മെന്റ് പാലിക്കുമെന്ന് ഉറപ്പുനൽകിയെങ്കിലും പാലിച്ചില്ല. അതേതുടർന്ന് തൊഴിലാളികൾ വീണ്ടും കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്തതിനാൽ എടരിക്കോട് വില്ലേജിലെ സ്പിന്നിങ് മില്ലിന്റെ നിർദിഷ്ട ഭൂമി ജപ്തി ചെയ്യാനും 29-10-2025-ന് ലേലത്തിൽ വയ്ക്കാനും തീരുമാനിച്ചിരിക്കുകയാണ്. ഈ സ്ഥാപനത്തിന്റെ ഭൂമി ലേലം ചെയ്യുന്നതിനെതിരെ ജനപ്രതിനിധികളും നാട്ടുകാരും പ്രതിഷേധ സമരത്തിലേയ്ക്ക് പോകുകയാണ്. അടിയന്തരമായി ലേലനടപടികൾ നിർത്തിവയ്ക്കാൻ നടപടിയുണ്ടാകണം. പിരിഞ്ഞുപോയ പല തൊഴിലാളികളും വിവിധ രോഗങ്ങൾക്ക് അടിമപ്പെട്ടവരാണ്. അവരിൽ പലരും ക്യാൻസർ രോഗികളും വൃക്ക രോഗികളുമായി മാറിയിട്ടുണ്ട്. തൊഴിലാളികളുടെ പ്രശ്നങ്ങളും പ്രയാസങ്ങളും അറിയാവുന്ന ബഹുമാനപ്പെട്ട മന്ത്രി ഈ പ്രശ്നത്തിൽ മാനുഷിക പരിഗണന നൽകിക്കൊണ്ട് അടിയന്തരനടപടി

സ്വീകരിക്കണമെന്ന് ഞാൻ പ്രത്യേകമായി ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യങ്ങളെക്കുറിച്ച് നേരത്തെ അറിയാവുന്നതും പല സന്ദർഭത്തിലും ഞാൻ ശ്രദ്ധയിൽപ്പെടുത്തിയതുമാണ്. സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കമുണ്ടെങ്കിലും തൊഴിലാളികളുടെ പ്രശ്നത്തിന് പ്രത്യേക പരിഗണന അങ്ങ് കാണിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർഥിക്കുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം ഈ പ്രശ്നങ്ങളിൽ തുടർച്ചയായി ഇടപെടുന്നുണ്ട്. അദ്ദേഹത്തിന് അറിയാവുന്നതുപോലെ ഇത് ഈ കാലഘട്ടത്തിൽ വന്നൊരു പ്രശ്നമല്ല. ലെഗസി ലയബിലിറ്റി എന്ന് പറയാവുന്ന തരത്തിൽ, പല കാലങ്ങളായി വന്ന് ഏർപ്പെട്ടിട്ടുള്ള പ്രശ്നങ്ങളാണ് തൊഴിലാളികളിലൂടെയും സ്റ്റാറ്റ്യൂട്ടറി ഡ്യൂസിലൂടെയും പ്രതിഫലിക്കുന്നത്. നിലവിൽ സർക്കാർ കോട്ടൺ ബോർഡ് രൂപീകരിക്കുകയും കെ.എസ്.ഇ.ബി.എൽ. സർക്കാരിന് നൽകാനുള്ള ഡ്യൂട്ടിക്കെതിരായി റൈറ്റ്-ഓഫ് ചെയ്തതിന്റെയും അടിസ്ഥാനത്തിൽ ടെക്സ്റ്റൈയിൽ മേഖലയിൽ പുതിയൊരു ഉണർവ് കാണുന്നുണ്ട്. എങ്കിലും സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് നിലനിൽക്കുന്നുവെന്നത് യാഥാർഥ്യമാണ്. ആദ്യമായാണ് മാനേജ്മെന്റ് നൽകേണ്ട സ്റ്റാറ്റ്യൂട്ടറി ഡ്യൂസ്

നൽകുന്നതിനുവേണ്ടി ഒരു സർക്കാർ മൂന്നുകോടി രൂപ അനുവദിക്കുന്നത്. അതിൽ എടരിക്കോട് സ്പിന്നിങ് മില്ലിനാണ് 118.49 ലക്ഷം രൂപ ഏറ്റവും കൂടുതൽ വിഹിതമായി നൽകിയത്. എന്നാൽ വീണ്ടും 956.48 ലക്ഷം രൂപയുടെ കുടിശ്ശികയുണ്ട്. 109 ജീവനക്കാരുടെ ഗ്രാറ്റുവിറ്റി ഇനത്തിൽ 375 ലക്ഷം രൂപ, പി.എഫ്. ഇനത്തിൽ 521.04 ലക്ഷം രൂപ, ഇ.എസ്.ഐ. ഇനത്തിൽ 60.41 ലക്ഷം രൂപ എന്നിങ്ങനെ കുടിശ്ശികയുണ്ട്. പൊതുവെ ഈ സാമ്പത്തിക വർഷം സർക്കാർ വ്യവസായ മേഖലയിൽ സ്റ്റാറ്റ്യൂട്ടറി ഡ്യൂസിന് നാല് കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. അതിൽ രണ്ട് കോടി രൂപയുടെ റിലീസിനുള്ള എ.എസ്. ആയിട്ടുണ്ട്. റിലീസ് ചെയ്യുന്ന മുറയ്ക്ക് 70 ലക്ഷം രൂപ എടരിക്കോടിന് നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധ്യമാകുന്ന വിധത്തിൽ സർക്കാർ ഇടപെടുന്നുണ്ട്. ലേല നടപടികളും മറ്റ് ഒഴിവാക്കാൻ അങ്ങയുടെ സഹായത്തോടുകൂടി നമുക്ക് ഒരുമിച്ച് ശ്രമിക്കാം.

വാഹന പുകപരിശോധനാ കേന്ദ്രങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, സംസ്ഥാനത്തെ മോട്ടോർ മേഖലയിലെ പ്രധാനപ്പെട്ട ഒരു തൊഴിൽ മേഖലയാണ് പുകപരിശോധനാ സെന്ററുകൾ. മൂവായിരത്തിനടുത്ത് സെന്ററുകളിലായി ഏഴായിരത്തിലധികം

കുടുംബങ്ങൾ ഈ മേഖലയെ ആശ്രയിച്ചുകഴിയുന്നുണ്ട്. ഇവർ സാധാരണക്കാരും ഇടത്തരം സാമ്പത്തിക പശ്ചാത്തലമുള്ളവരുമാണ്. പുകപരിശോധനാ കേന്ദ്രങ്ങളും തൊഴിലാളികളും വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുകയാണ്. അവ പരിഹരിച്ച് പുകപരിശോധനാ കേന്ദ്രങ്ങളെ സംരക്ഷിക്കാനാണ് ഈ സബ്മിഷനിലൂടെ ഉദ്ദേശിക്കുന്നത്. കേരളത്തിലാണ് പുകപരിശോധനാ കേന്ദ്രങ്ങൾ കാര്യക്ഷമമായും സുതാര്യമായും പ്രവർത്തിക്കുന്നത്. ഇന്ന് ഈ കേന്ദ്രങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്ഥിതിയിലാണ്. മോട്ടോർ വാഹന വകുപ്പിലെ ചില ഉദ്യോഗസ്ഥരുടെ അനാവശ്യ ഇടപെടൽ ഇതിലുണ്ട്. കാലിബ്രേഷൻ സംബന്ധിച്ച് 25-02-2022-ലെ ട്രാൻസ്പോർട്ട് കമ്മിഷണറുടെ സർക്കുലർ നടപ്പാക്കുന്നതിൽ കീഴുദ്യോഗസ്ഥർ മനഃപൂർവം വീഴ്ചവരുത്തുന്നു. കാലിബ്രേഷൻ നടത്തി സർട്ടിഫിക്കറ്റ് സൈറ്റിൽ അപ്‌ലോഡ് ചെയ്തുകഴിഞ്ഞാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ 48 മണിക്കൂറിനകം തീരുമാനമെടുക്കണമെന്നും അല്ലാത്തപക്ഷം സ്വാഭാവിക അംഗീകാരം ലഭിച്ചതായി കണക്കാക്കും എന്നതാണ് വ്യവസ്ഥ. ഈ വ്യവസ്ഥ പാലിക്കാതെ വൈകിപ്പിക്കുകയും അതിന്റെ മറവിൽ സെന്ററുകൾ ആഴ്ചകളോളം അടച്ചുപൂട്ടിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്.

അനഭിലഷണീയ താല്പര്യങ്ങളാണ് ഇങ്ങനെ വച്ചുതാമസിപ്പിക്കുന്ന ഉദ്യോഗസ്ഥരുടെ ലക്ഷ്യമെന്നാണ് ആക്ഷേപം. വായ്പ എടുത്തും കടം വാങ്ങിയും ലക്ഷങ്ങൾ മുടക്കി സെന്ററുകൾ നടത്തുന്നവരോടുള്ള ക്രൂരതയാണിത്. അങ്ങ് ഇക്കാര്യത്തിൽ ഇടപെടണം. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽവരുന്ന കേസുകളിൽ ചില സ്ഥിരം വ്യവഹാരികളുണ്ട്. അവർക്ക് അനുകൂലമായി വിധി വരികയാണ്. ഇക്കാര്യം ഗൗരവത്തോടുകൂടി അങ്ങ് പരിശോധിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. ഇതിന്റെ പിന്നിലും എം.വി.ഡി. ഉദ്യോഗസ്ഥരുടെ താല്പര്യങ്ങളുണ്ടെന്നാണ് സംസാരം. 100 രൂപവരെ ഫീസുണ്ടായിരുന്നത് 80 രൂപയായി വെട്ടിക്കുറച്ചു. സാധാരണഗതിയിൽ വർഷത്തിലൊരു പ്രാവശ്യമാണ് പരിശോധനയ്ക്കായി പോകുന്നത്. അത് പുനഃസ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. മറ്റൊരു കാര്യം, സംസ്ഥാനത്ത് ഓട്ടോമൊബൈൽ സെയിൽസ് ആൻഡ് സർവീസ് മേഖലയിലെ തൊഴിലാളികൾക്ക് മൈനർ എഞ്ചിനീയറിങ് വിഭാഗത്തിലെയും ഷോപ്പ് ആൻഡ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് സ്ഥാപനത്തിലെ തൊഴിലാളികളുടെയും മിനിമം വേതനം അടിസ്ഥാനമാക്കിയാണ് നാളിതുവരെയായി വേതനം ലഭിച്ചുകൊണ്ടിരുന്നത്. ഇതിന്റെ തുടർച്ചയായി 2009-ൽ പ്രഖ്യാപിച്ച മിനിമം കൂലി 2019-ൽ

പരിഷ്കരിച്ച് ഉത്തരവാക്കുകയുണ്ടായി. മൈനർ എഞ്ചിനീയറിങ് വിഭാഗത്തിലെയും ഷോപ്പ്സ് ആൻഡ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് സ്ഥാപനത്തിലെ തൊഴിലാളികളുടെയും മിനിമം വേതനം ഓട്ടോമൊബൈൽ മേഖലയ്ക്ക് ബാധകമാക്കാൻ പാടില്ലെന്നും ഓട്ടോമൊബൈൽ മേഖലയ്ക്ക് മാത്രമായി പ്രത്യേക മിനിമം വേതനം നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും അതിന്റെ അടസ്ഥാനത്തിൽ നിലവിൽ ഗവൺമെന്റ് പ്രഖ്യാപിച്ച 2019-ലെ മിനിമം കൂലി ബാധകമല്ലെന്നും അവർക്ക് പ്രത്യേകമായി മിനിമം വേതനം പ്രഖ്യാപിക്കണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടിരിക്കുകയാണ്. ഇതിനെത്തുടർന്ന് ഈ മേഖലയിൽ നാമമാത്ര വേതനത്തിന് പണിയെടുക്കുന്ന രണ്ടുലക്ഷത്തോളം തൊഴിലാളികൾക്ക് മിനിമം കൂലി നിലവില്ലാത്ത സാഹചര്യമാണ് സംജാതമായിരിക്കുന്നത്. ആയതിനാൽ ഓട്ടോമൊബൈൽസ് സെയിൽസ് ആൻഡ് സർവീസ് മേഖലയ്ക്ക് മാത്രമായി മിനിമം കൂലി നിജപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയും അങ്ങും തൊഴിലാളി പ്രതിനിധികളെയുംകൂടി പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം

ചേർന്ന് ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ശ്രമിക്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ 115 (2) പ്രകാരം BS-4, പെട്രോൾ, സി.എൻ.ജി., നാലുചക്ര വാഹനങ്ങൾ- എല്ലാത്തരം പെട്രോൾ, സി.എൻ.ജി. ഇരുചക്ര വാഹനങ്ങൾ എന്നിവയിൽ പുക പരിശോധന നടത്തുമ്പോൾ Lambda ടെസ്റ്റ് നടത്തണമെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ട്. കേരളത്തിലെ പുകപരിശോധനാ കേന്ദ്രങ്ങളുടെ ഉടമകൾ ഇതിനെതിരെ ഹൈക്കോടതിയെ സമീപിക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതി കേന്ദ്ര നിയമപ്രകാരം ടെസ്റ്റ് ഒഴിവാക്കാൻ കഴിയില്ലെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അതുമായി ബന്ധപ്പെട്ട് ചില ആളുകൾ കോടതിയെ സമീപിച്ച് മിടുക്കരാകാൻ ശ്രമിക്കുകയാണ്. എന്നാൽ ബഹുമാനപ്പെട്ട കോടതി അത് സാധ്യമല്ലെന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 28-5-2025-ൽ B2/146/2024/ട്രാൻസ്പോർട്ട് നമ്പർ കത്ത് പ്രകാരം Lambda ടെസ്റ്റ് നടപ്പാക്കിയതിനുശേഷം മാത്രം ഫീസ് വർധനവ് നടപ്പാക്കിയാൽ മതിയെന്ന് സർക്കാർ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് ഒരു നിർദേശം നൽകിയിട്ടുണ്ട്. കാരണം ഈ ടെസ്റ്റ്

എല്ലാവർക്കും നടത്താനുള്ള സൗകര്യമില്ലാത്തതിനാൽ നടത്തുന്നമുറയ്ക്ക് ചാർജ് വർധിപ്പിക്കാമെന്ന് ബഹുമാനപ്പെട്ട കോടതിയുടെ നിർദേശംകൂടി വച്ചുകൊണ്ടാണ് ഇത്തരത്തിൽ പറഞ്ഞത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഈ വിഷയം ഗൗരവത്തോടെ ഉൾക്കൊണ്ടുകൊണ്ടുതന്നെ സർക്കാർ ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ പുനഃപരിശോധനകളും നടത്തുന്നതായിരിക്കും. അതുപോലെ ഓട്ടോമൊബൈൽ മേഖലയിലെ ജീവനക്കാരുടെ മിനിമം വേതനത്തെക്കുറിച്ചാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. മൈനർ എഞ്ചിനീയറിങ് മേഖലയെ വ്യവസായ മേഖലയിൽനിന്നും വേർപെടുത്തി 1948-ലെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ പ്രത്യേക ഷെഡ്യൂൾ എംപ്ലോയ്മെന്റായി ഉൾപ്പെടുത്തണമോ എന്ന വിഷയം തൊഴിലും നൈപുണ്യവും വകുപ്പുമായി ഇപ്പോൾ പരിശോധിച്ചുവരുന്നുണ്ട്. അതുമായി ബന്ധപ്പെട്ട ഒരു ഫയൽ നിലവിലുണ്ട്. അത് പരിശോധനയിലാണ്. തീരുമാനം വന്നിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതുപ്രകാരം ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിയുമായി ഇക്കാര്യത്തിൽ ഒരു ചർച്ച നടത്താവുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി

ശ്രീമതി കെ. കെ. രമ: സർ, മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞ മാസങ്ങളിൽ നൽകുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി വിതരണം മുടങ്ങിയതുമായി ബന്ധപ്പെട്ട വിഷയമാണ് സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. പഞ്ഞ മാസങ്ങളിൽ ആശ്വാസം ലഭിക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയ സമ്പാദ്യ സമാശ്വാസ പദ്ധതി മൂന്ന് ഗഡുക്കളായാണ് മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നത്. തീരദേശ മത്സ്യത്തൊഴിലാളികൾക്ക് മേയ്, ജൂൺ, ജൂലൈ മാസങ്ങളിലാണ് നൽകുന്നത്. ഇപ്പോൾ ഒരു ഗഡു മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. രണ്ട് ഗഡു ലഭിക്കാൻ ബാക്കിയുണ്ട്. മത്സ്യത്തൊഴിലാളികളിൽനിന്നും അതുപോലെ കേന്ദ്ര-സംസ്ഥാന സർക്കാരുടെ വിഹിതവും ചേർത്ത് 4500 രൂപയാണ് നൽകുന്നത്. ഈ ഓണ മാസത്തിൽ എല്ലാ ആളുകൾക്കും സഹായം വിതരണം ചെയ്തപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് അർഹതപ്പെട്ട ഗഡു ലഭിക്കാത്തൊരു സാഹചര്യമുണ്ടായി. മത്സ്യത്തൊഴിലാളികൾ വലിയ ദുരിതത്തിലാണ്. കാലാവസ്ഥാ വ്യതിയാനവും കടൽക്ഷോഭങ്ങളും മറ്റുംമൂലം പലതരം ബുദ്ധിമുട്ടനുഭവിക്കുന്ന ഈ മത്സ്യത്തൊഴിലാളികൾക്ക് അവർക്ക് കിട്ടുന്ന ഏക ആശ്വാസ പദ്ധതിയാണിത്. എന്നാലിത് മുടങ്ങിയിരിക്കുന്നൊരു

സാഹചര്യമാണിപ്പോഴുള്ളത്. അടിയന്തരമായി ഈ സമ്പാദ്യ സമാശ്വാസ പദ്ധതി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർഥിക്കാനുള്ളത്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ അവരുടെ ജീവസന്ധാരണത്തിനും സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുന്നതിനുമായി ഉദ്ദേശിച്ചുള്ള പദ്ധതിയാണ് മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി. പദ്ധതിയിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളിൽനിന്നും പരമാവധി 1,500 രൂപ വീതം സമാഹരിക്കുകയും സമുദ്ര മേഖലയിലെ പഞ്ഞമാസങ്ങളായ മേയ്, ജൂൺ, ജൂലൈ എന്നീ മാസങ്ങളിലും ഉൾനാടൻ മേഖലയിലെ പഞ്ഞമാസങ്ങളായ ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിലും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യവിഹിതമായ 1,500 രൂപ വീതം ചേർത്ത് ആകെ 4,500 രൂപ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന രീതിയിലാണ് പദ്ധതി നടപ്പാക്കിവരുന്നത്. 2020-21 സാമ്പത്തികവർഷം മുതൽ പ്രസ്തുത പദ്ധതി, Livelihood and Nutritional Support for Socio-Economically Backward, Active Traditional

Fishers for Conservation of Fisheries Resources during Ban/Lean Period എന്ന് പുനർനാമകരണം ചെയ്ത് കേന്ദ്ര സർക്കാരിന്റെ പി.എം.എം.എസ്.വൈ. (Pradhan Mantri Matsya Sampada Yojana) പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. 2015-16 വർഷംവരെ, അതായത് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 2,700 രൂപയായിരുന്നു ഈ പദ്ധതിയിലൂടെ ആനുകൂല്യമായി നൽകിയിരുന്നത്. 2016-17-ൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഇത് 4,500 രൂപയായി വർധിപ്പിച്ചു. പദ്ധതിപ്രകാരമുള്ള ഗുണഭോക്തൃവിഹിതം 2025 മേയ് മാസത്തിൽത്തന്നെ വിതരണം ചെയ്തിരുന്നു. പി.എം.എം.എസ്.വൈ. പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായി മാറിയപ്പോൾ സ്പർഷ് സോഫ്റ്റ്‌വെയർ മുഖേനയാണ് നടപ്പാക്കുന്നത്. State Level Approval and Monitoring Committee കൂടി പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം നൽകുകയും കേന്ദ്ര സർക്കാരിന്റെ ഭരണാനുമതിക്കായി 21-06-2025-ന് സമർപ്പിച്ചിരുന്നു. അനുമതി ലഭിക്കാത്തതിനാൽ തീരദേശത്തെ ബുദ്ധിമുട്ടുകൾ വിശദീകരിച്ച് 06-08-2025-ന് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിൽനിന്ന് അനുമതി ലഭിക്കാൻ വൈകിയതിനെത്തുടർന്ന് സംസ്ഥാന മത്സ്യബന്ധന വകുപ്പുമന്ത്രി എന്ന

നിലയിൽ ഞാൻ കഴിഞ്ഞ 2-ാം തീയതി കത്ത് അയക്കുകയും കേന്ദ്ര മത്സ്യബന്ധന വകുപ്പുമന്ത്രിയെയും കേന്ദ്ര മത്സ്യബന്ധന വകുപ്പുസഹമന്ത്രിയെയും നേരിട്ട് സന്ദർശിച്ച് പ്രസ്തുത പ്രശ്നം ഉന്നയിക്കുകയും ചെയ്തു. തത്ഫലമായി 18-09-2025-ന് കേന്ദ്ര സർക്കാരിൽനിന്ന് പദ്ധതിക്കുള്ള അനുമതി ലഭിച്ചു. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകാതെ സംസ്ഥാന വിഹിതം മാത്രം നൽകാൻ സാധിക്കില്ല. കൂടാതെ പ്രസ്തുത തുക സ്പർഷ് സോഫ്റ്റ്‌വെയർ മുഖാന്തരം മാത്രമേ വിതരണം ചെയ്യാൻ സാധിക്കൂ. കേന്ദ്ര സർക്കാർ വിഹിതം ലഭിച്ചില്ലെങ്കിൽ ഭാവിയിൽ ഈ സോഫ്റ്റ്‌വെയറിലൂടെ ആനുകൂല്യം നൽകാനും സാധിക്കില്ല. സർക്കാർ ഇടപെടലിന്റെ ഫലമായി 18-09-2025-ൽ കേന്ദ്ര സർക്കാർ ഇപ്പോൾ അനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ഒരുമിച്ച് നൽകാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുകയാണ്. സംസ്ഥാന സർക്കാർ വിഹിതം നൽകുന്നതിന് യാതൊരു തടസ്സമില്ല. പ്രസ്തുത വിഹിതം അടുത്ത ദിവസങ്ങളിൽ വിതരണം ചെയ്യുന്നതാണ്. കേന്ദ്ര സർക്കാരിൽനിന്ന് ഭരണാനുമതി ലഭിക്കാൻ വൈകിയതിനാലാണ് ആനുകൂല്യം വിതരണം ചെയ്യാൻ കാലതാമസം വന്നത്. സമ്പാദ്യ സമാശ്വാസ പദ്ധതിപ്രകാരം നൽകിവരുന്ന തുക വർധിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ

പരിഗണനയിലുണ്ടെന്ന കാര്യം കൂടി അറിയിക്കുകയാണ്.

തസ്തിക നിർണ്ണയം നടത്തുമ്പോൾ പുറത്താകുന്ന അധ്യാപകരെ സംരക്ഷിക്കാൻ നടപടി

ശ്രീ. വി. ജോയി: സർ, പൊതുവിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന ഒരു പ്രത്യേക സാഹചര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 01-10-2011-ലെ അധ്യാപക പാക്കേജ് ഉത്തരവിന്റെ ഭാഗമായി കേരളത്തിൽ 2012-13 മുതലാണ് സ്കൂളുകളിലെ തസ്തിക നിർണ്ണയത്തിന് വിദ്യാർത്ഥികളുടെ ആധാർ നിർബന്ധമാക്കിയത്. 2021-22 വർഷംവരെ യു.ഐ.ഡി. (ആധാർ രേഖ) ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണത്തോടൊപ്പം സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ എൻറോൾമെന്റ് ഐഡന്റിഫിക്കേഷൻ നമ്പർ (ഇ.ഐ.ഡി.) ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണവും തസ്തിക നിർണ്ണയത്തിന് പരിഗണിച്ചിരുന്നു. പിന്നീട് 18-04-2022-ന് കെ.ഇ.ആർ. (Kerala Education Rules) അധ്യായം 23-ലെ ചട്ടം 12(1)-ൽ സർക്കാർ ഭേദഗതി വരുത്തി യു.ഐ.ഡി.-യുള്ള വിദ്യാർത്ഥികളെ മാത്രമേ സ്റ്റാഫ് ഫിക്സേഷന് പരിഗണിക്കാവൂ എന്ന വ്യവസ്ഥ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ കുട്ടികളിൽ ബഹുഭൂരിപക്ഷംപേർക്കും നിലവിൽ ആധാർ അധിഷ്ഠിത യു.ഐ.ഡി. നമ്പരുണ്ട്. അടുത്തിടെ പുതിയ യു.ഐ.ഡി.

ലഭിക്കുന്നതിന് അക്ഷയ കേന്ദ്രം വഴി അപേക്ഷ നൽകിയാൽ മൂന്നുനാല് മാസം വരെ കാലതാമസം വരാറുണ്ട്. രജിസ്റ്റർ ചെയ്യുമ്പോൾത്തന്നെ ഇ.ഐ.ഡി. ലഭിക്കാറുണ്ട്. എന്നാൽ ആറാം പ്രവൃത്തിദിനത്തിൽ റോളിലുള്ളതും ഇ.ഐ.ഡി. ലഭിച്ചിട്ടുള്ളതുമായ കുട്ടികൾക്ക് അവരുടെതല്ലാത്ത കുറ്റത്താൽ യു.ഐ.ഡി. ലഭിക്കാൻ വൈകുന്നതുമൂലം അവരുടെ എണ്ണം തസ്തിക നിർണ്ണയത്തിന് പരിഗണിക്കുകയോ അധ്യാപക തസ്തികകൾ അനുവദിക്കുകയോ ചെയ്യുന്നില്ല. എന്നാൽ ആറാം പ്രവൃത്തി ദിവസം റോളിലുള്ള കുട്ടികൾക്ക് പിന്നീട് യു.ഐ.ഡി. ലഭിക്കുന്നതെങ്കിൽപ്പോലും അവരുടെ എണ്ണം കൂടി കണക്കാക്കി നഷ്ടപ്പെട്ട തസ്തിക പുനഃസ്ഥാപിക്കുന്നതിന് നിലവിൽ കെ.ഇ.ആർ.-ൽ ഒരു വ്യവസ്ഥയുമില്ല. യു.ഐ.ഡി. ഇല്ലാത്തതിനാൽ അധ്യാപക തസ്തിക അനുവദിക്കാത്തതുമൂലം ഒരു ക്ലാസിൽ അനുവദനീയ എണ്ണത്തിലധികം കുട്ടികൾ ഇരിക്കേണ്ട സാഹചര്യമാണുള്ളത്. ഒന്ന് മുതൽ അഞ്ച് വരെ ക്ലാസുകളിൽ 31 കുട്ടികളുണ്ടെങ്കിൽ അവർക്ക് രണ്ട് ഡിവിഷൻ അനുവദിക്കണമെന്നാണ് വിദ്യാഭ്യാസ അവകാശ നിയമവും കെ.ഇ.ആർ.--ഉം വ്യവസ്ഥ ചെയ്യുന്നത്. സംസ്ഥാനത്ത് ഇത്തരത്തിൽ തസ്തിക നഷ്ടമായ നിരവധി വിദ്യാലയങ്ങളുണ്ട്. പി.എസ്.സി. പരീക്ഷ എഴുതി ജോലിക്ക് കാത്തുനിൽക്കുന്ന

ഉദ്യോഗാർഥികൾക്ക് വലിയ നിരാശയുണ്ടാക്കുന്നതാണ് വൻതോതിൽ സംസ്ഥാനത്തുണ്ടാകുന്ന ഈ തസ്തിക നഷ്ടം. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പൊതുവിദ്യാഭ്യാസ രംഗത്തെ ചെറിയ പ്രശ്നങ്ങളിൽപ്പോലും ഇടപെടുന്ന വ്യക്തിയാണ്. ഇതൊരു വലിയ വിഷയമാണ്. ഈ വിഷയത്തിലിടപെട്ട് തസ്തിക നിർണ്ണയത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വിദ്യാർഥികളെയും അധ്യാപകരെയും സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർഥിക്കുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കഴിഞ്ഞ സബ്മിഷന്റെ ഭാഗമായ ഒരു പോയിന്റുകൂടി ഇവിടെ പറയാനാഗ്രഹിക്കുകയാണ്.

ചെയർപേഴ്സൺ: യെസ്.

ശ്രീ. വി. ശിവൻകുട്ടി: സർ, കേരളത്തിൽ വലിയ തോതിൽ തൊഴിലാളികളുള്ള മേഖലയാണ് ഓട്ടോമൊബൈൽ രംഗം. മിനിമം വേതനത്തിന്റെ കാര്യം ഇവിടെ ഉന്നയിച്ചിരുന്നു. അവരുടെ മിനിമം വേതനം നടപ്പാക്കുന്നത് സംബന്ധിച്ച നടപടി സ്വീകരിക്കുന്നതിനുവേണ്ടിയുള്ള നിർദേശം നൽകാമെന്ന് ഞാൻ സഭയെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു.

ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ജോയി ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. സംസ്ഥാനത്തെ കുട്ടികളുടെ യു.ഐ.ഡി. അടിസ്ഥാനമാക്കി തസ്തിക നിർണ്ണയനടപടികൾ നടത്തുന്നതിന് 2013 നവംബർ മാസം 29-നാണ് സർക്കാർ ഉത്തരവായിട്ടുള്ളത്. പ്രഥമാധ്യാപകർക്കും മാനേജർമാർക്കും ഇതുസംബന്ധിച്ച് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ 2022-ൽ കെ.ഇ.ആർ. അധ്യായം 23 ചട്ടം 12-ൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. ജൂൺ ഒന്നിന് സ്കൂൾ അധ്യയനം ആരംഭിച്ച് ആറാം പ്രവൃത്തി ദിവസമാണ് കുട്ടികളുടെ എണ്ണം കണക്കാക്കുന്നത്. ജൂലൈ മാസം 15-നുമുമ്പ് തസ്തിക നിർണ്ണയ ഉത്തരവുകൾ സമന്വയ പോർട്ടൽ മുഖേന വിദ്യാഭ്യാസ ഓഫീസർമാർ പുറപ്പെടുവിക്കുകയും ചെയ്യും. ഇതാണ് നിലവിലെ സംവിധാനം. ആധാർ കാർഡാണ് ഇപ്പോൾ ഒരു രേഖയായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്. പലപ്പോഴും എല്ലാ വിദ്യാർത്ഥികൾക്കും ആറാം പ്രവൃത്തി ദിവസത്തിനകം ആധാർ കാർഡ് ഹാജരാക്കാൻ സാധിക്കുന്നില്ല. ഒരു ക്ലാസിലെ രണ്ട് കുട്ടികളുടെ ആധാർ കാർഡ് ഹാജരാക്കിയില്ലെങ്കിൽ രണ്ട് കുട്ടികൾ കുറവുള്ളതായി രേഖപ്പെടുത്തും. അതുമൂലം രണ്ട് ടീച്ചർമാർ പുറത്തുപോകേണ്ട സാഹചര്യം സംജാതമാകും. അതുകൊണ്ട് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും

സംരക്ഷണം നൽകേണ്ടതായുണ്ട്. ശാസ്ത്രീയമായ രീതിയിൽ ഈ വിഷയം എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കും. സർക്കാർ നയംമൂലം ഒരു വിദ്യാർത്ഥിക്കും അവരുടെ പഠനം നഷ്ടപ്പെടാൻ പാടില്ല. അതുപോലെ ആറു-ഏഴും വർഷം സീനിയോരിറ്റിയുള്ള ഒരു അധ്യാപകനും അവരുടെ ജോലി നഷ്ടപ്പെടാനും പാടില്ല. ഈ രണ്ട് കാര്യങ്ങളും സംരക്ഷിച്ചുകൊണ്ടുള്ള ഒരു നയ സമീപനം സർക്കാർ സ്വീകരിക്കുന്ന കാര്യം ആലോചിക്കുകയാണെന്ന് ഞാൻ ഇവിടെ സൂചിപ്പികയാണ്.

വളാഞ്ചേരി വട്ടപ്പാറ അപ്രോച്ച് റോഡ് നിർമ്മാണം

ഡോ. കെ. ടി. ജലീൽ: സർ, രണ്ട് സർവീസ് റോഡുകൾ ഉൾപ്പെടെ സംസ്ഥാനത്ത് നാഷണൽ ഹൈവെയുടെ ആറ് വരിപ്പാതയുടെ പ്രവൃത്തി വളരെ നല്ല നിലയിൽ പുരോഗമിച്ചുവരികയാണ്. മലപ്പുറം ജില്ലയിലാണ് ഏറ്റവും ആദ്യം നിർമ്മാണം പൂർത്തിയാകുകയെന്ന ഘട്ടത്തിലാണെത്തിനിൽക്കുന്നത്. പഴയ നാഷണൽ ഹൈവെയുടെ ഓരത്തുള്ള വളരെ പ്രധാനപ്പെട്ട ഒരു ടൗണാണ് വളാഞ്ചേരി. വട്ടപ്പാറ വളവുവഴിവന്ന് കാവുമ്പുറം വഴിയാണ് വളാഞ്ചേരിയിലെത്തുന്നത്. ആ മൂന്ന് കിലോമീറ്ററിൽ നിരവധി വ്യാപാര സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്.

ദൗർഭാഗ്യവശാൽ നേരത്തെ സർവീസ് റോഡ് കണക്റ്റ് ചെയ്യാമെന്ന് പറഞ്ഞിരുന്നെങ്കിലും ഇപ്പോൾ വട്ടപ്പാറയുടെ മുകളിൽ വന്ന് സർവീസ് റോഡ് നിൽക്കുകയാണ്. ഏകദേശം 200 മീറ്റർ ഇപ്പുറത്തുവന്ന് മറുഭാഗത്തെ സർവീസ് റോഡും നിൽക്കുകയാണ്. പ്രസ്തുത സർവീസ് റോഡുകൾ തമ്മിൽ ബന്ധിപ്പിക്കാൻ യാതൊരു നടപടിയും ഇതുവരെ നാഷണൽ ഹൈവെ അതോറിറ്റിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ കോഴിക്കോട് ഭാഗത്തുനിന്ന് വളാഞ്ചേരി ടൗണിലേക്കെത്തേണ്ട ആളുകൾ ധാരാളം ചുറ്റിത്തിരിഞ്ഞ് വരേണ്ട സ്ഥിതിയാണുള്ളത്. അതോടൊപ്പം ഇത് വലിയ ട്രാഫിക് കുരുക്കിന് കാരണമാകുന്നുമുണ്ട്. വട്ടപ്പാറയിൽ അപ്പുറത്തും ഇപ്പുറത്തുമായി വന്നുനിൽക്കുന്ന 200 മീറ്റർ മാത്രം ദൂരമുള്ള ഈ രണ്ട് സർവീസ് റോഡുകളും തമ്മിൽ ബന്ധിപ്പിച്ചാൽ മാത്രമേ വളാഞ്ചേരി ടൗണിലേക്കുള്ള യാത്ര സുഗമമാക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അക്കാര്യത്തിൽ ഇടപെട്ട് നാഷണൽ ഹൈവെ അതോറിറ്റിയുമായി ബന്ധപ്പെട്ട് പ്രസ്തുത വിഷയം പരിഹരിക്കേണ്ടതാണ്. സ്ഥലം ഏറ്റെടുപ്പ് വേണ്ടിവരുമെന്നാണ് അറിയാൻ സാധിച്ചത്. അങ്ങനെയെങ്കിൽ പ്രസ്തുത സ്ഥലം ഏറ്റെടുത്ത് ഇത് യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ആ പ്രദേശത്തുള്ള വ്യക്തിയും അദ്ദേഹത്തിന്റെ നിയോജകമണ്ഡലവും കൂടിയാണിത്. അതുകൊണ്ട് അദ്ദേഹവും അക്കാര്യം സൂചിപ്പിക്കും.

ചെയർപേഴ്സൺ: പ്രസ്തുത വിഷയം സബന്ധിച്ച് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾക്ക് ഒരു മിനിട്ട് സംസാരിക്കാവുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പ്രസ്തുത വിഷയം എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടതായതുകൊണ്ടാണ് ഈയവസരത്തിൽ സംസാരിക്കുന്നത്. വട്ടപ്പാറയിൽ നിശ്ചിത റോഡുകൾ ബന്ധിപ്പിക്കാത്തത് കാരണമുണ്ടാകുന്ന പ്രശ്നങ്ങൾ അനവധിയാണ്. ജനങ്ങൾ വലിയ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ച സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. റോഡുകൾ ബന്ധിപ്പിക്കുമ്പോൾ റവന്യൂ വകുപ്പിന്റെ സ്ഥലം ഏറ്റെടുക്കേണ്ടതായ സാഹചര്യമാണുള്ളത്. ഇതുസംബന്ധിച്ച ഫയൽ ബഹുമാനപ്പെട്ട ജില്ലാ കളക്ടർ മുഖാന്തരം റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. സ്ഥലം വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പിന്റെ ഭാഗത്തുനിന്ന് തീരുമാനമെടുക്കുകയാണെങ്കിൽ കെ.എൻ.ആർ.സി.എൽ.-ന് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാവുന്നതാണ്. അങ്ങനെയാണെങ്കിൽ കാവുംപുറത്തേക്കും വളാഞ്ചേരിയിലേക്കും

ആളുകൾക്ക് സുഗമമായി യാത്രചെയ്യാൻ കഴിയും. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി അടിയന്തരമായി ഇടപെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനും കെ.എൻ.ആർ.സി.എൽ. മുഖേന റോഡ് നിർമ്മിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വളാഞ്ചേരി ഭാഗത്തെ സർവീസ് റോഡ് പൂർത്തീകരണത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ഡോ. കെ. ടി. ജലീൽ എം.എൽ.എ. ഇവിടെ സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. സ്ഥലം എം.എൽ.എ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളും അക്കാര്യത്തെക്കുറിച്ച് വിശദീകരിക്കുകയുണ്ടായി. ഇക്കാര്യം ദേശീയപാതാ അതോറിറ്റിയുമായി ചർച്ച ചെയ്യാവുന്ന ഒരു വിഷയമാണ്. ദേശീയപാതയുടെ ഇരുഭാഗത്തും കി.മീ. 300+520-ൽ സർവീസ് റോഡുകൾ അവസാനിക്കുന്ന വിഷയം അടക്കം സബ്മിഷന്റെ ഭാഗമായി ഉന്നയിച്ചിട്ടുണ്ട്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ വിലയിരുത്തി വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്ന സമയത്തുതന്നെ കി.മീ. 300+520-ൽ സർവീസ് റോഡുകൾ അവസാനിപ്പിക്കാൻ നിർദേശിച്ചിരുന്നു എന്നാണ് ദേശീയപാതാ അതോറിറ്റി നൽകിയ മറുപടി.

ഈ ഭാഗത്ത് സർവീസ് റോഡ് അവസാനിച്ചശേഷം 21 മീറ്ററോളം ഉയരമുള്ള ഭൂപ്രകൃതിയാണുള്ളത്. ഇവിടെ സുരക്ഷയുടെ ഭാഗമായി സോയിൽ നെയിലിങ് നടപ്പാക്കിയിട്ടുണ്ട്. അധികസുരക്ഷ ഉറപ്പുവരുത്തുന്നതിന് 2 berm soil nailing design ആണ് ഈ ഭാഗത്ത് നടപ്പാക്കിയിട്ടുള്ളത്. സർവീസ് റോഡ് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നത്, നിലവിലെ സോയിൽ നെയിലിങ് തകരാറിലാക്കാനും മണ്ണൊലിപ്പുണ്ടാക്കാനും സാധ്യതയുണ്ടെന്നാണ് ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുള്ളത്. സമീപത്ത് 110 കെ.വി. ഹൈടെൻഷൻ ട്രാൻസ്ഫോർമർ സ്ഥിതി ചെയ്യുന്നത് സർവീസ് റോഡ് നിർമ്മാണം കൂടുതൽ ദുഷ്കരമാക്കും. അതിനാൽ ദേശീയപാതയുടെ ഇടത് ഭാഗത്ത്, ചെയിനേജ് 300+520 വരെയുള്ള ഭാഗത്ത് സർവീസ് റോഡ് നിർമ്മാണം സാങ്കേതികമായി സാധ്യമല്ലെന്ന് ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രശ്നം പ്രത്യേകമായി പരിശോധിക്കാനും സാധ്യമായ നടപടി സ്വീകരിക്കാനും സംസ്ഥാന സർക്കാർ തയ്യാറാണ്. പ്രസ്തുത വിഷയം ദേശീയപാതാ അതോറിറ്റിയുമായി ചർച്ച ചെയ്യാവുന്നതാണ്. ഇത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ദേശീയപാതാ അതോറിറ്റിയോട് നിർദേശിക്കാം. ഒരു കാര്യം കൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ദേശീയപാത 66-ൽ മലപ്പുറം - രണ്ട് റീച്ചുകൾ 78

കിലോമീറ്റർ പ്രവൃത്തിയാണ്. മലപ്പുറത്തിന്റെ തെക്കേയറ്റം, തൃശ്ശൂർ ജില്ലയുടെ ഭാഗത്തുനിന്നും വടക്കേയറ്റം കോഴിക്കോട് ജില്ലയുടെ ഭാഗം വരെ എത്തണമെങ്കിൽ നേരത്തെ മൂന്നരമണിക്കൂർ സമയം വേണ്ടിയിരുന്നു. എന്നാൽ ഇപ്പോൾ മുക്കാൽ മണിക്കൂർ സമയംകൊണ്ട് ആളുകൾക്ക് എത്തിച്ചേരാൻ കഴിയുന്ന നിലയിൽ റോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കാനായിട്ടുണ്ട്. എല്ലാവരും യോജിച്ച് നടത്തിയ ഒരു ഇടപെടലിലൂടെയാണ് ഇത് യഥാർത്ഥ്യമായത്. പ്രസ്തുത പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ 700 കോടിയിലധികം രൂപ ചെലവഴിച്ചിട്ടുണ്ടെന്ന കാര്യവും ഈ സഭയെ പ്രത്യേകമായി അറിയിക്കുന്നു.

സമാന്തര റോഡ് നിർമ്മാണം

ശ്രീമതി ഉമ തോമസ്: സർ, പാലാരിവട്ടം - കാക്കനാട് സിവിൽ ലൈൻ റോഡിനെ സംബന്ധിച്ചാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. മെട്രോ റെയിൽ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി എന്റെ നിയോജകമണ്ഡലത്തിലെ ജെ.എൻ.എൽ. സ്റ്റേഡിയം മുതൽ ഇൻഫോപാർക്ക് വരെയുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ ഒന്നര വർഷത്തിലേറെയായി പുരോഗമിക്കുകയാണ്. മെട്രോ എം.ഡി.-യുടെ സാന്നിധ്യത്തിൽ സ്ഥലത്തെ പ്രധാന നേതാക്കളെ ഉൾപ്പെടുത്തി മുന്നൊരുക്കപ്രവർത്തനങ്ങൾ

നടത്തിയതിനുശേഷം മാത്രമെ മെട്രോ പ്രവർത്തനങ്ങൾ ആരംഭിക്കുകയുള്ളൂവെന്ന് പറഞ്ഞിരുന്നെങ്കിലും നാളിതുവരെ ഒരു റോഡുപോലും സഞ്ചാരയോഗ്യമാക്കിയിട്ടില്ല. ഇതുമൂലം ദുഷ്കരമായ ഗതാഗതക്കുരുക്കും നിത്യേന ചെറുതും വലുതുമായ അപകടങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇതുമൂലം ഒരു ആശുപത്രി ജീവനക്കാരി മരണപ്പെടുന്ന സാഹചര്യവുമുണ്ടായി. കൂടാതെ മിക്ക കച്ചവടസ്ഥാപനങ്ങളും അടച്ചുപൂട്ടേണ്ട സാഹചര്യത്തിലാണ്. ആളുകൾക്ക് വാഹനം നിർത്തി എന്തെങ്കിലും സാധനങ്ങൾ വാങ്ങാൻപ്പോലും കഴിയാത്ത സ്ഥിതിയാണ്. റോഡിന് മധ്യേ സ്ഥാപിച്ചിരിക്കുന്ന ബാരിക്കേഡുകൾമൂലം കാൽനട യാത്രക്കാർക്ക് വളരെ ദൂരം മുന്നോട്ടുസഞ്ചരിക്കേണ്ടിവരുന്നു. ഇത് വാഹനങ്ങൾ യൂടേൺ എടക്കുന്നതുപോലെയാണ്. കൂടുതലും മുതിർന്ന ആളുകളാണ് കുട്ടികളെയൊക്കെ സ്കൂൾബസിൽ യാത്രയാക്കാൻ എത്തുന്നത്. ഇതിനുപുറമെ മരീചികപോലെ മൂന്ന് ദിവസത്തിലൊരിക്കൽ മാത്രം ലഭ്യമാകുന്ന കുടിവെള്ളത്തിനുവേണ്ടി ആളുകൾ കാത്തിരിക്കുമ്പോൾ, മെട്രോ പ്രവർത്തനംമൂലം ഒരുപാട് പൈപ്പ് ലൈനുകൾ പൊട്ടിയ സ്ഥിതിയാണ് അവിടെയുള്ളത്. പൈപ്പിന്റെ സ്ഥാനം സംബന്ധിച്ച് വാട്ടർ അതോറിറ്റി ജീവനക്കാരുമായി യാതൊരു തരത്തിലുള്ള കോ-

ഓർഡിനേഷനുമില്ലാതെയാണ് ഓരോ പ്രവർത്തനങ്ങളും നടത്തുന്നത്. കൂടാതെ സമീപപ്രദേശത്ത് അദാനി ഗ്രൂപ്പിന്റെ പ്രവർത്തനംമൂലവും റോഡുകൾ തകരാറാകുന്നുണ്ട്. റീസ്റ്റോറേഷൻ പ്രവൃത്തികൾ യഥാസമയം ചെയ്യാതെ, ബി.എം.&ബി.സി. നിലവാരത്തിലുള്ള റോഡുകൾപോലും സാധാരണ രീതിയിൽ കോൺക്രീറ്റ് ചെയ്താണ് നിർമ്മാണപ്രവർത്തനങ്ങൾ ചെയ്യുന്നത്. അതുകൊണ്ട് ഈ വിഷയങ്ങളിലെല്ലാം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അടിയന്തരമായി ഇടപെട്ട് പരിഹരിച്ചുതരണമെന്ന് ആവശ്യപ്പെടുന്നു.

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കൊച്ചി മെട്രോയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സമീപ റോഡുകൾകൂടി പൂർണ ഗതാഗതയോഗ്യമാക്കണമെന്നാണ് ശ്രീമതി ഉമ തോമസ് എം.എൽ.എ. ഈ സബ്മിഷനിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. മെട്രോ പ്രവൃത്തിയുടെ ഭാഗമായി കാക്കനാട് സിവിൽ ലൈൻ റോഡും സീപോർട്ട്-എയർപോർട്ട് റോഡിന്റെ 700 മീറ്റർ ഭാഗവും കെ.എം.ആർ.എൽ. (കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്)-ന് കൈമാറിയിട്ടുണ്ട്. മെട്രോ വർക്ക് പുരോഗമിക്കുന്ന കാലയളവിൽ പ്രസ്തുത റോഡിലെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കേണ്ടതിന്റെ ചുമതല പി.ഡബ്ല്യൂ.ഡി.-ക്ക് അല്ല, പകരം കെ.എം.ആർ.എൽ.-നാണ്. റോഡുകളുടെ

പരിപാലനം ഉറപ്പാക്കണമെന്ന് നിർദേശിച്ച് പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥർ കെ.എം.ആർ.എൽ.-ന് കത്തുകൾ നൽകിയിട്ടുണ്ട്. സിവിൽ ലൈൻ റോഡിലെ വാട്ടർ അതോറിറ്റി പ്രവൃത്തികൾ പൂർത്തിയായാലുടൻ റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുമെന്ന് കെ.എം.ആർ.എൽ. അറിയിച്ചിട്ടുണ്ട്. മെട്രോ നിർമ്മാണവുമായി ബന്ധപ്പെട്ട് മറ്റേതെങ്കിലും റോഡുകളിൽ പ്രശ്നമുണ്ടെങ്കിൽ പി.ഡബ്ല്യൂ.ഡി. അക്കാര്യം പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

നിലമ്പൂർ ബൈപ്പാസ്

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംസ്ഥാന-അന്തർ സംസ്ഥാന പാതയാണ് കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ റോഡ്. ഈ റോഡിലെ വലിയ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ നിലമ്പൂർ ടൗണിൽ ഒരു ബൈപ്പാസ് നിർമ്മാണത്തിന് 2013-ൽ ഭരണാനുമതി ലഭിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തതാണ്. എന്നാൽ കഴിഞ്ഞ ഒമ്പത് വർഷമായി ടി പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ച നിലയാണ്. എന്നാൽ കഴിഞ്ഞ മേയ് മാസത്തിൽ 227 കോടി രൂപയുടെ ഒരു പുതിയ ഭരണാനുമതി ലഭിച്ചു. ടി ഭരണാനുമതിപ്രകാരം 2 കി.മീ. 400 മീറ്റർ സ്ഥലം ഏറ്റെടുക്കുകയുണ്ടായി. ആയതിന് ടി.എസ്. (ടെക്നിക്കൽ സാങ്ഷൻ)

ലഭിക്കുകയും ചെയ്തു. എന്നാൽ നാളിതുവരെ വർക്ക് ടെൻഡർ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ടെൻഡർ ചെയ്യാൻ സാധിക്കാത്തതിന്റെ പ്രധാന കാരണം, ബൈപ്പാസിനുവേണ്ടിയുള്ള മുഴുവൻ സ്ഥലവും ഏറ്റെടുത്തതിനുശേഷം മാത്രമെ പ്രവൃത്തി തുടങ്ങാവൂ എന്നാണ് ഭരണാനുമതിയിൽ സൂചിപ്പിച്ചിരിക്കുന്നത് എന്നതാണ്. അത് പരിഹരിക്കേണ്ടതുണ്ട്. ഇതേരീതി തുടരുകയാണെങ്കിൽ ഇനിയും പത്ത് വർഷംകൂടി കഴിഞ്ഞാൽ മാത്രമെ നിലമ്പൂരിൽ ഒരു ബൈപ്പാസ് യാഥാർത്ഥ്യമാക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഏറ്റെടുത്ത സ്ഥലത്ത് ബൈപ്പാസിന്റെ ആദ്യഘട്ടം പൂർത്തീകരിക്കാനും ബാക്കിയുള്ള സ്ഥലം ഏറ്റെടുക്കൽ പദ്ധതി വളരെ വേഗത്തിൽ പൂർത്തീകരിക്കാനും അടിയന്തരമായി നടപടിയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ അന്തർ സംസ്ഥാന ഹൈവേ നിലമ്പൂർ നഗരത്തിലൂടെ കടന്നുപോകുന്നതിനാൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് ലഘൂകരിക്കുന്നതിനാണ് നിലമ്പൂർ ബൈപ്പാസ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. രണ്ട് ഘട്ടങ്ങളായി വിഭജിച്ച ടി ബൈപ്പാസ് പദ്ധതിയുടെ ആകെ ദൈർഘ്യം ആറ് കിലോമീറ്ററാണ്. അത് Phase I-

4.387 km, Phase II-1.873 km എന്നിങ്ങനെയാണ്. 2014-ൽ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി ആരംഭിച്ചെങ്കിലും അന്ന് പ്രവൃത്തിക്കാവശ്യമായ ഭൂമി ഏറ്റെടുക്കാൻ സാധിച്ചിരുന്നില്ല. ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാകുംമുമ്പ് ബൈപ്പാസ് നിർമ്മാണ പ്രവൃത്തിയും അന്നത്തെ സർക്കാർ ആരംഭിച്ചു. എന്നാൽ എമ്പാങ്ക്മെന്റിന്റെയും റീറ്റെയിനിങ് വാളിന്റെയും 1.86 കി.മീ. വരെ മാത്രം നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം ബാക്കിയുള്ള ഭൂമി ലഭ്യമല്ലാത്തതിനെത്തുടർന്ന് അന്നത്തെ പ്രവൃത്തിയും കരാറും അവസാനിപ്പിക്കേണ്ടതായി വന്നു. Phase I, II എന്നിവയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ, യൂട്ടിലിറ്റി ഷിഫ്റ്റിങ്, കെ.എസ്.ഇ.ബി.എൽ. 110 കെ.വി. ടവറുകൾ ഉൾപ്പെടെ അതിലുണ്ട്. 227 കോടി 18 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി എൽ.ഡി.എഫ്. സർക്കാർ ഈ പ്രവൃത്തിക്ക് ഫണ്ട് വകയിരുത്തിയിട്ടുണ്ടെന്ന് ഈ സഭയെ പ്രത്യേകം അറിയിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഇക്കാര്യത്തിൽ സ്വീകരിച്ച അനുകൂലസമീപനത്തെ ഇവിടെ ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴിയില്ല. മുൻകാല അനുഭവങ്ങളുടെ കൂടി പശ്ചാത്തലത്തിൽ Phase I, II എന്നിവയ്ക്ക് ആവശ്യമായ മുഴുവൻ ഭൂമിയും ലഭ്യമായതിനുശേഷം മാത്രമെ ടെൻഡർ നടപടി സ്വീകരിക്കാവൂവെന്ന്

ഭരണാനുമതി നൽകുമ്പോൾ വ്യവസ്ഥ ചെയ്തിരുന്നു. നിലമ്പൂർ ബൈപ്പാസ് യാഥാർത്ഥ്യമാക്കുകയെന്ന നിലപാടാണ് എൽ.ഡി.എഫ്. സർക്കാരിനുള്ളത്. നിലവിൽ Phase I-ൽ ഉൾപ്പെടുന്ന കിലോമീറ്റർ 0-2/460 വരെയുള്ള റീച്ചിനുവേണ്ടിയുള്ള ഭൂമിയേറ്റെടുപ്പ് പൂർണ്ണമായും പൂർത്തിയായിട്ടുണ്ട്. ഈ ഭാഗത്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ശ്രമം പി.ഡബ്ല്യൂ.ഡി.-യുടെ ഭാഗത്തുനിന്ന് ചെയ്യുന്നുണ്ട്. സർക്കാർ ഉത്തരവിലെ വ്യവസ്ഥയ്ക്ക് ഇളവ് നൽകി സ്ഥലമേറ്റെടുപ്പ് പൂർത്തിയായ Phase I-ന് ഭാഗിക സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർ നൽകിയ പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്. ധനകാര്യ വകുപ്പിന്റെ അനുമതികൂടി ഇക്കാര്യത്തിൽ ആവശ്യമുണ്ട്. നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 75 കോടി രൂപ പുതുക്കിയ ഭരണാനുമതിയിൽ വകയിരുത്തിയിട്ടുണ്ട്. നിലവിൽ രണ്ടാം ഘട്ടത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിന് എൽ.എ. വിഭാഗം (മലപ്പുറം) 55 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരും ഈ സർക്കാരും നിലമ്പൂർ

ബൈപ്പാസിനുവേണ്ടി നിശ്ചയദാർഢ്യത്തോടുകൂടിയുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. പരമാവധി കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുള്ള എല്ലാ ശ്രമങ്ങളും ചെയ്യും. ഇനി വരുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തും ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തിയും പൂർത്തീകരിച്ച് മുന്നോട്ടുപോകാൻ കഴിയുമെന്നും സഭയെ അറിയിക്കുകയാണ്.

കുമ്പളയിൽ ടോൾഗേറ്റ് സ്ഥാപിക്കുന്നത് തടയാൻ നടപടി

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കാസർഗോഡ് ജില്ലയിലെ കുമ്പളയിൽ പുതിയ ഒരു ടോൾ ഗേറ്റ് നിർമ്മിക്കാനുള്ള നീക്കത്തിൽനിന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പിന്മാറണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതിനുള്ള ഒരു സബ്മിഷനാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ദേശീയപാതയുടെ ആദ്യത്തെ റീച്ചിന്റെ പ്രവൃത്തി ഏകദേശം 95 ശതമാനം പൂർത്തിയായി. ഈ റീച്ചിനുവേണ്ടി നിരവധി ആരാധനാലയങ്ങളും 100 വർഷം പഴക്കമുള്ള മരങ്ങളും ഉൾപ്പെടെ വിട്ടുകൊടുത്തുകൊണ്ടാണ് ദേശീയപാതയുടെ നിർമ്മാണത്തിൽ സഹകരിച്ചത്. ഒരു ടോൾ ബൂത്തിനുശേഷം 60 കിലോമീറ്റർ കഴിഞ്ഞേ അടുത്ത ടോൾ ബൂത്ത് പാടുള്ളൂവെന്നാണ് ബഹുമാനപ്പെട്ട കേന്ദ്ര ഗതാഗത വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. കേരള-

കർണാടക അതിർത്തിയായ തലപ്പാടിയിൽ ഒരു ടോൾ പ്ലാസ ഉണ്ട്. അവിടെനിന്നും 20 കിലോമീറ്ററിനുള്ളിലാണ് കുമ്പളയിൽ അടുത്ത ഒരു ടോൾ പ്ലാസ നിർമ്മിക്കാനുള്ള ശ്രമവുമായി മുന്നോട്ടുപോകുന്നത്. ഇതിനെതിരെ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഒറ്റക്കെട്ടായി ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് അതിശക്തമായ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ഞങ്ങൾ ന്യായമായി ആവശ്യപ്പെടുന്ന ഒരു കാര്യം, 60 കിലോമീറ്റർ കഴിഞ്ഞ് പെരിയയിൽ ടോൾഗേറ്റിനുള്ള സംവിധാനം ഒരുക്കുന്നതിനിടയിൽ ധൃതി പിടിച്ച്, പ്രത്യേകിച്ച് മഞ്ചേശ്വരത്തെ ഹൈവേയുടെ ഇരുവശങ്ങളിലുള്ള ആളുകൾക്ക് സഞ്ചരിക്കാനുള്ള ഫൂട്ട് ബ്രിഡ്ജ്, അണ്ടർപാസ് അടക്കമുള്ള ആവശ്യങ്ങൾക്കുവേണ്ടി സമരം നടക്കുമ്പോൾ അതൊന്നും കണക്കിലെടുക്കാതെ ധൃതി പിടിച്ച് കുമ്പളയിൽ ടോൾ പ്ലാസ നിർമ്മിക്കാനുള്ള നീക്കം അശാസ്ത്രീയമാണ്. എന്റെ നാട്ടിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കാനും പല ആളുകൾ ഹോസ്പിറ്റലിലേക്കും ജോലി ആവശ്യാർത്ഥവും പോകുന്നത് മംഗലാപുരത്തേക്കാണ്. ഇവർക്ക് 20 കിലോമീറ്ററിനുള്ളിൽ രണ്ട് ടോൾ പ്ലാസകളിലുമായി ടോൾ കൊടുക്കേണ്ട അവസ്ഥയുണ്ടാകാൻ പോകുന്നത്. ബഹുമാനപ്പെട്ട കേന്ദ്ര ഗതാഗത വകുപ്പുമന്ത്രി പാർലമെന്റിൽ പറഞ്ഞതുപോലെ, 60 കിലോമീറ്ററിനുശേഷം

പെരിയയിൽ തന്നെ പുതിയ ടോൾ പ്ലാസ നിർമ്മിച്ച് കുമ്പളയിൽ ടോൾ പ്ലാസ നിർമ്മിക്കുന്നതിനുള്ള നീക്കം ഒഴിവാക്കുന്നതിന് ബഹുമാനപ്പെട്ട കേരള സർക്കാർ ഇടപെടണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കാസർഗോഡ് ജില്ലയിൽ ദേശീയപാത 66-ന്റെ 81 കിലോമീറ്ററിൽ 70 കിലോമീറ്ററിലും ആറുവരി പാത വികസനം പൂർത്തിയാക്കിയ സന്തോഷവിവരം ഈ സഭയെ പ്രത്യേകം അറിയിക്കുകയാണ്. ആദ്യ റീച്ചായ തലപ്പാടി-ചെങ്ങളയിൽ 39 കിലോമീറ്ററിന്റെ 99.2 ശതമാനം പ്രവൃത്തിയും പൂർത്തിയായി കഴിഞ്ഞു. ദേശീയ തലത്തിൽതന്നെ ശ്രദ്ധിക്കപ്പെട്ട പ്രവൃത്തി എന്നാണ് മാധ്യമങ്ങൾ ഇതിനെക്കുറിച്ച് റിപ്പോർട്ട് ചെയ്തത്. കർണാടകയിൽ ഇതിന്റെ പ്രവൃത്തി ഒച്ചിന്റെ വേഗതയിലും തൊട്ടടുത്ത കേരളത്തിൽ ടി പ്രവൃത്തി അതിവേഗം നടക്കുന്നുയെന്നുമാണ് 'ദി ഹിന്ദു' പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇതിനുകാരണം സ്റ്റേറ്റ് ഗവൺമെന്റ് നല്ല കോ-ഓർഡിനേഷനോടുകൂടി മുന്നോട്ടുപോകുന്നതുകൊണ്ടാണ്. ഈ റീച്ചിൽ കുമ്പളയ്ക്കടുത്തായി ഒരു താൽക്കാലിക ടോൾ പ്ലാസ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ടാണ് ബഹുമാന്യനായ അംഗം ഇവിടെ സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. ഇക്കാര്യം

ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇത് സംബന്ധിച്ച് ദേശീയപാതാ അതോറിറ്റി നൽകിയ മറുപടി "സംസ്ഥാനത്ത് ദേശീയപാത 66-ന്റെ ഡിസൈൻ, നിർമ്മാണം എന്നിവ ദേശീയപാതാ അതോറിറ്റി മുഖേനയാണ് പൂർത്തിയാക്കുന്നത്. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളിൽ തുടർച്ചയായി നിക്ഷേപം നടത്തുന്നതിന് യൂസർ ഫീ കളക്ഷൻ മുഖേന വരുമാനം വീണ്ടെടുക്കുകയെന്നത് രാജ്യമെമ്പാടുമുള്ള ദേശീയപാതാ പദ്ധതികൾക്ക് ഒരുപോലെ പിന്തുടരുന്ന നടപടിക്രമമാണ്" എന്നാണ്. ദ നാഷണൽ ഹൈവേസ് ആക്റ്റ് സെക്ഷൻ (9) പ്രകാരം രൂപപ്പെടുത്തിയ The National Highways Fee (Determination of Rates and Collection) Rules, 2008-ലെ Rule 8 clause (2) പ്രകാരം ഒരേ ഭാഗത്തേക്കും ഒരേ ദിശയിലുമായി രണ്ട് ടോൾ പ്ലാസകൾ സാധാരണയായി 60 കിലോമീറ്റർ ദൂരത്തിനുള്ളിൽ സ്ഥാപിക്കാൻ പാടില്ലെന്നുണ്ട്. എന്നാൽ വ്യക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ സവിശേഷ സാഹചര്യങ്ങളിൽ 60 കിലോമീറ്റർ ദൂരത്തിനുള്ളിൽ ടോൾ പ്ലാസ സ്ഥാപിക്കാൻ നിർവഹണ ഏജൻസിക്ക് അധികാരമുണ്ടെന്ന് ദേശീയപാത അതോറിറ്റി പറയുന്നു. ചട്ടം 8(2) പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച് ദേശീയപാതാ അതോറിറ്റി ചെയർമാന്റെ അംഗീകാരത്തോടെയാണ്

ചെയിനേജ് 37 + 200-ൽ ഒരു താൽക്കാലിക ടോൾ പ്ലാസ സ്ഥാപിച്ചത്. ഈ ക്രമീകരണം താൽക്കാലിക സ്വഭാവമുള്ളതാണെന്നും താൽക്കാലിക ടോൾ പ്ലാസ മുഖേന പൂർത്തിയായ 39 കിലോമീറ്റർ ദൂരത്തിന് മാത്രമാണ് യൂസർ ഫീസ് പിരിക്കുന്നതെന്നും പൂർത്തിയായ ഭാഗത്തിന് ചെലവായ തുക വീണ്ടെടുക്കുകയെന്ന ലക്ഷ്യത്തിലേക്ക് യൂസർ ഫീസ് പിരിക്കുന്നത് കർശനമായി പരിമിതപ്പെടുത്തിയിരിക്കുന്നുയെന്നും ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്. ചെങ്ങള-നീലേശ്വരം സ്ട്രെച്ച് പൂർത്തിയായി കഴിഞ്ഞാൽ താൽക്കാലിക ടോൾ പ്ലാസ പിൻവലിക്കുകയും നിയമപ്രകാരം സ്ഥലം കണ്ടെത്തി സ്ഥിരം പ്ലാസ സ്ഥാപിക്കുന്നതുമാണ്. താൽക്കാലിക ടോൾ പ്ലാസ സ്ഥാപിക്കുന്നതിന് കേരള ഹൈക്കോടതി അനുമതി നൽകിയിട്ടുണ്ടെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഹൈക്കോടതി വിധികൂടിയുണ്ടെന്നുള്ളതിനാൽ പ്രായോഗികമായി ഈ വിഷയത്തിൽ എന്തെങ്കിലും ചെയ്യാനാകുമോയെന്നത് സംസ്ഥാന സർക്കാർ പരിശോധിക്കാം. ഇക്കാര്യത്തിൽ സമരം നടത്തുന്ന ആളുകളുമായി ചർച്ച ചെയ്തിട്ടുണ്ട്. ദേശീയപാതാ അതോറിറ്റിയുമായി ചർച്ച ചെയ്ത് ആ പ്രശ്നത്തിന് പരിഹാരം കാണാൻ ഇടപെടും. ബഹുമാനപ്പെട്ട അംഗം ഉൾപ്പെടെ 2016-ലെ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ

വന്നതുകൊണ്ടാണ് ഇങ്ങനെയൊരു സമരം ചെയ്യാൻ എല്ലാവർക്കും ഒരുമിച്ച് സാധിച്ചത്, ഇല്ലെങ്കിൽ ദേശീയപാത തന്നെ ഉണ്ടാകുമായിരുന്നില്ലായെന്നത് ഈ സഭയെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

നെല്ല് സംഭരണ പദ്ധതി

<u>ശ്രീ. സി. സി. മുകുന്ദൻ</u>: സർ, കർഷകരുടെ സമീപകാലത്തെ നെല്ലിന്റെ വില ലഭിക്കുന്നതിനെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. നെല്ല് സംരക്ഷണ പദ്ധതി പ്രകാരം കേരളത്തിലെ കർഷകരിൽനിന്ന് സംഭരിക്കുന്ന നെല്ലിന്റെ വില ലഭിക്കുന്നതിന് വലിയ കാലതാമസമുണ്ടാകുന്നു. ഇത് കർഷകർക്കുണ്ടാക്കുന്ന പ്രയാസം ചെറുതല്ല. നിലവിൽ നെല്ലിന്റെ പണം ബാങ്കുകൾ മുഖേന പാഡി റെസീപ്റ്റ് ഷീറ്റ് (പി.ആർ.എസ്.) വായ്പയായിട്ടാണ് ലഭിച്ചുവരുന്നത്. ഇതിനായി വായ്പ ലഭിക്കുന്നതിന് എല്ലാ നടപടിക്രമങ്ങളിലൂടെയും കർഷകൻ കടന്നുപോകേണ്ടതായി വരുന്നു. നെല്ലെടുത്താൽ കാലതാമസമൊന്നും കൂടാതെ ഉടൻ കർഷകന്റെ അക്കൗണ്ടിലേക്ക് നെല്ലിന്റെ വില ലഭിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>): സർ, നെല്ലിന്റെ താങ്ങുവില (Minimum Support Price) കാലാകാലങ്ങളിൽ

നിശ്ചയിക്കുന്നതും നൽകുന്നതും കേന്ദ്ര സർക്കാരാണ്. കേന്ദ്രം നൽകുന്ന താങ്ങുവില അപര്യാപ്തമായതിനാൽ അതിനുപുറമേ സംസ്ഥാന സർക്കാർ പ്രോത്സാഹന ബോണസും (SIB) നൽകുന്നുണ്ട്. കേന്ദ്രത്തിൽനിന്ന് തുക ലഭിക്കാൻ 8 മുതൽ 12 മാസം വരെ കാലതാമസമുണ്ടാകാറുണ്ട്. 2017-18 മുതൽ 2024-25 വരെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 1206 കോടി രൂപ കേന്ദ്ര സർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്. നെല്ല് സംഭരണത്തിന്റെ കണക്കുകൾ യഥാസമയം കേന്ദ്രത്തിന് കൊടുക്കാത്തതുകൊണ്ടാണ് ഈ തുകകൾ തടഞ്ഞുവച്ചിരിക്കുന്നതെന്ന തെറ്റായ ഒരു പ്രചരണം നടക്കുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള കണക്കുകളൊന്നും കേന്ദ്രത്തിന് നൽകാനില്ല. വേരിയബിൾ ഇക്കണോമിക് കോസ്റ്റിന്റെ 5 ശതമാനം വരുന്ന തുക പിടിച്ചുവയ്ക്കുകയും നോഡൽ ഏജൻസിയായ സപ്ലൈകോയുടെ കണക്കുകൾ ഓഡിറ്റ് ചെയ്ത് സമർപ്പിക്കുന്നതിനുശേഷം ഫൈനൽ സെറ്റിൽമെന്റ് ചെയ്യുന്നത് ഒരു സാധാരണ രീതിയാണ്. ഇപ്രകാരം പിടിച്ചുവയ്ക്കുന്നത് കേന്ദ്ര സർക്കാരിൽനിന്നും ആകെ ലഭിക്കാനുള്ള തുകയുടെ കേവലം 2 ശതമാനത്തോളം മാത്രമേ വരൂ. പെൻഡിങ് ഉണ്ടായിരുന്ന ഓഡിറ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

2024-25 സംഭരണ വർഷത്തിൽ 207143 കർഷകരിൽനിന്നായി ആകെ സംഭരിച്ചത് 5.80 മെട്രിക് ടൺ നെല്ലാണ്. ഇതിന്റെ വിലയായ 1645.07 കോടി രൂപയിൽ 1574.57 കോടി രൂപയും 196913 കർഷകർക്കായി ശനിയാഴ്ച വരെ വിതരണം ചെയ്തുകഴിഞ്ഞു. ഇനി 10230 കർഷകർക്കായി 70.5 കോടി രൂപയാണ് നൽകാൻ ബാക്കിയുള്ളത്. ഇത് വിതരണം ചെയ്തുവരികയാണ്.

2025-26 വർഷത്തെ പ്രോത്സാഹന ബോണസ് ഇനത്തിൽ കർഷകർക്ക് നൽകാനായി സംസ്ഥാന സർക്കാർ ബജറ്റിൽ വകയിരുത്തിയ തുക മുൻകൂറായി ഉൾപ്പെടെ അനുവദിച്ചതുകൊണ്ടാണ് കർഷകരിൽനിന്ന് സംഭരിച്ച നെല്ലിന്റെ വില വിതരണം ചെയ്യാൻ കഴിഞ്ഞത്. കേന്ദ്രസർക്കാരിൽനിന്ന് ഒരുരൂപപോലും ഈ സംഭരണവുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടില്ല. സംസ്ഥാന സർക്കാർ മുഴുവൻ കർഷകർക്കും നെല്ലിന്റെ തുക കൊടുത്ത് തീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അടുത്ത സംഭരണ വർഷം മുതൽ നെല്ലെടുത്താൽ ഉടൻതന്നെ കർഷകർക്ക് സംഭരണ വില ലഭ്യമാക്കാൻ ഉതകുന്ന തരത്തിൽ കേരളാ ബാങ്കുമായി സഹകരിച്ച് ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സെപ്റ്റംബർ 16-ന് ചേർന്ന കൃഷി, വൈദ്യുതി, തുറമുഖ-

സഹകരണ-ദേവസ്വം, ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ടെന്നുള്ള കാര്യം ഈ സഭയെ അറിയിക്കുകയാണ്. വിശദമായ കണക്കും വിശദമായ റിപ്പോർട്ടും ഇതോടൊപ്പം മേശപ്പുറത്ത് വയ്ക്കുന്നു.+

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.